**KERALA STATE ELECTRICITY BOARD Ltd**
(Incorporated under the Companies Act. 1956)

Registered Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004
CIN: U40100KL2011SGC027424
Web: www.kseb.in
**Phone** :0471 2514472, 2514527, 2514455, 2514608
**Email** :pokseb@gmail.com

No. PS1 (B)/Life Certificate/2024 Date:19-06-2025

## പരിപത്രം

വിഷയം:: കെ.എസ്.ഇ.ബി യിൽ നിന്നും സർവ്വീസ് പെൻഷൻ വാങ്ങുന്നവരിൽ വിദേശത്ത് താമസിച്ചുവരുന്നവർ വർഷംതോറും പെൻഷൻ വിതരണ അതോറിറ്റിക്ക മുമ്പാകെ സമർപ്പിക്കുന്ന ലൈഫ് സർട്ടിഫിക്കറ്റും കുടുംബ പെൻഷൻകാർ ലൈഫ് സർട്ടിഫിക്ക റ്റോടൊപ്പം നൽകുന്ന വൈവാഹിക നില തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെയും ആധികാരികത വരുത്തുന്നത് സംബന്ധിച്ച്.

സൂചന: 1. PS-ST6/2022/3 (3) dated 10.05.2022 പ്രകാരമുള്ള പരിപത്രം.
2..PA-PD/Life Certificate/2023-24 dated 18.05.2024 പ്രകാരമുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം II) ന്റെ കുറിപ്പ്.
3. നം. പി.എസ്. 1 (ബി)/ലൈഫ് സർട്ടിഫിക്കറ്റ്/2024 തീയതി 14.11.2024 പ്രകാരം ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിച്ച കുറിപ്പ്.

കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിന്നും കുടുംബ പെൻഷൻ വാങ്ങുന്നവർ പെൻഷൻ വിതരണ അതോറിറ്റിക്ക മുമ്പാകെ സമർപ്പിക്കുന്ന വൈവാഹിക നില തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ആധികാരികതയുമായി ബന്ധപ്പെട്ട് ഒരു ഏകീകൃത രീതി കെ.എസ്.ഇ.ബി.എൽ ൽ നടപ്പിലാക്കുന്നതിനായി സൂചന (1 ) പ്രകാരം പരിപത്രം പുറപ്പെടുവിക്കുകയുണ്ടായി. സൂചന (2) പ്രകാരമുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം II) ന്റെ കുറിപ്പിൽ കെ.എസ്.ഇ.ബി യിൽ നിന്നും സർവ്വീസ് പെൻഷൻ വാങ്ങുന്നവരിൽ വിദേശത്ത് താമസിച്ചുവരുന്നവർ വർഷംതോറും പെൻഷൻ വിതരണ അതോറിറ്റിക്ക മുമ്പാകെ സമർപ്പിക്കുന്ന ലൈഫ് സർട്ടിഫിക്കറ്റും കുടുംബ പെൻഷൻകാർ ലൈഫ് സർട്ടിഫിക്കറ്റോടൊപ്പം നൽകുന്ന വൈവാഹിക നില തെളിയിക്കുന്ന സർട്ടിഫിക്കറ്റും ആ പ്രദേശത്തെ പബ്ലിക് നോട്ടറിയിൽ നിന്നും അറ്റസ്റ്റ് ചെയ്ത് നൽകി വരുന്നതായും സൂചന (1) പ്രകാരമുള്ള കുറിപ്പിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് പരാമർശം ഇല്ലാത്തതിനാൽ അക്കാര്യം കൂടി ഉൾപ്പെടുത്തി പുതിയ സർക്കുലർ ഇറക്കണമെന്ന് മേൽ സൂചന പ്രകാരം നിർദ്ദേശം ലഭിക്കുകയുണ്ടായി.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സൂചന (3 ) പ്രകാരം ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിച്ച കുറിപ്പിന്മേൽ ഉണ്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി യിൽ നിന്നും സർവ്വീസ് പെൻഷൻ വാങ്ങുന്നവരിൽ വിദേശത്ത് താമസിച്ചുവരുന്നവർ വർഷംതോറും പെൻഷൻ വിതരണ അതോറിറ്റിക്ക മുമ്പാകെ സമർപ്പിക്കുന്ന ലൈഫ് സർട്ടിഫിക്കറ്റും കുടുംബ പെൻഷൻകാർ ലൈഫ് സർട്ടിഫിക്കറ്റോടൊപ്പം നൽകുന്ന വൈവാഹിക നില തെളിയിക്കുന്ന സർട്ടിഫിക്കറ്റും ആ പ്രദേശത്തെ പബ്ലിക് നോട്ടറിയിൽ നിന്നും അറ്റസ്റ്റ് ചെയ്ത് നൽകേണ്ടതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.

SAJEEV E P
SECRETARY

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ/ ലീഗൽ

അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർ മാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (എച്ച്.ആർ.എം, സ്പോർട്സ്, വെൽ ഫയർ, സേഫ്റ്റി & ക്വാളിറ്റി അഷ്വറൻസ്)/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ& എസ്.സി.എം)/ ടി. എ ടു ഡയറക്ടർ (ജനറേഷൻ -ഇലക്ട്രിക്കൽ, റീസ്, സൗര)/ ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ & എസ്.ഒ എൾ അഡീഷണൽ ചാർജ്ജ്)/എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ(ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർ മാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ലൈബ്രറി/സ്റ്റോക്ക് ഫയൽ.